പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1337 | 02.05.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.ബസ്സുകളിൽ സി..എൻ.ജി. ഇന്ധനം**

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ
" മോൻസ് ജോസഫ്
" സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സി.എൻ.ജി.ഇന്ധനമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. ഇതു സംബന്ധിച്ച കരട് പ്രോജക്ട് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗ ക്ഷമത നിരീക്ഷിക്കുന്നതിനായി 2 സി.എൻ.ജി ബസ്സുകൾക്ക് പർചേയ്സ് ഓർഡർ നൽകിയതിൽ ഒരു ബസ്സ് ലഭ്യമായിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ Dispensing Unit-കൾ |

| | | | |
|---|---|---|---|
| | | | നിലവിൽ കേരള ത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി. യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും തേവരയിലും, സി.എൻ.ജി. Dispensing Unit-കൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു. |
| (ബി) | ബസ്സുകളിൽ സി.എൻ.ജി. ഉപയോഗിക്കുന്നതുമൂലം ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി) | അന്തരീക്ഷ മലിനീകരണം കുറയ്ക്കുവാൻ കഴിയുമെന്നതാണ് മുഖ്യമായ പ്രയോജനം.<br>ഇന്ധന ചെലവിൽ കുറവ് വരുമെന്നും പ്രതീക്ഷിക്കുന്നു. |
| (സി) | സംസ്ഥാനത്തിന്റെ നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്താൽ പ്രസ്തുത പദ്ധതിയുടെ പ്രായോഗികത എത്രമാത്രമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ? | (സി) | സി.എൻ.ജി. ബസ്സിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ചിലവ് കുറക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>ഇതു സംബന്ധിച്ച് ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഒരു പ്രാഥമിക പഠനം നടത്തി പ്രസന്റേഷൻ സമർപ്പിച്ചിട്ടുണ്ട്. തുടർ പഠനം നടന്നുവരുന്നു. എന്നാൽ ഇതിനായി കെ.എസ്.ആർ.ടി.സി. പ്രത്യേക ഏജൻസിയെ ചുമതലപെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**